(ഡി) ഈ സ്കീമിനെ സ്വാശ്രയവത്കരിക്കുന്നത് സാമൂഹ്യ സേവനത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതാവുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വിദ്യാർത്ഥികൾക്ക് സാമ്പത്തിക ബാധ്യത സൃഷ്ടിക്കാതെ, സാമൂഹ്യ സേവനത്തിൽ കൂടുതൽപേരെ ആകർഷിക്കുന്ന തരത്തിൽ ഇതിൽ അംഗത്വം സൗജന്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) നിലവിലുള്ള യൂണിറ്റുകൾക്ക് പുറമേ പുതുതായി സ്വാശ്രയ രീതിയിലും ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് എൻ.എസ്.എസ്.യൂണിറ്റ് തുടങ്ങാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിഗണിക്കാവുന്നതാണ്.

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി

74 (1129) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം എന്ന പദവിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ച ഒരു നൂതന പദ്ധതിയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽപ്പെടുന്ന 15 വയസ്സ് മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും ഈ പരിപാടിയിലൂടെ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ലക്ഷ്യമിടുന്നു. സമ്പൂർണ്ണ നാലാംതരം തുല്യത, പരിപൂർണ്ണ സാക്ഷരത, ഇ-സാക്ഷരത, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ പരിപാടിയുടെ ഒന്നാംഘട്ടം 2011-ൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുത്ത ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിജയകരമായി നടപ്പിലാക്കി. രണ്ടാംഘട്ടം 2014-15 വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചുകഴിഞ്ഞു. പഠിതാക്കളെ കണ്ടെത്തുക, തുല്യതാ പാഠാവലിയുടെ അടിസ്ഥാനത്തിൽ ക്ലാസുകൾ നടത്തുക, അതോടൊപ്പം അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണ പദ്ധതി

75 (1130) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകിവരുന്നു.

(ബി) കുട്ടികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായാണ് സൗജന്യ യൂണിഫോം വിതരണം ചെയ്യുതുടങ്ങിയത്. സാമൂഹ്യ വൈജാത്യം ഒഴിവാക്കുക, തുല്യത ഉറപ്പുവരുത്തുക, സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്നിവയാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly